വികസന പദ്ധതിയിൽ 42.537 കി.മീറ്ററും, കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ 37.305 കി.മീറ്ററും ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകളാണ് (9 പാക്കേജുകളായി) വികസിപ്പിക്കുന്നത്. ഇതുകൂടാതെ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സെഗ്മെന്റ് കോറിഡോർ ആയി നവീകരിക്കുന്നതാണ്.

(ഡി) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റിഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ ഡി.പി.ആർ. പ്രകാരമുള്ള മതിപ്പു ചെലവ് 1100 കോടി രൂപയാണ്. അപ്ഗ്രഡേഷൻ പാക്കേജ് നടപ്പാക്കുന്നതിന് ഏകദേശം 2880 കോടി രൂപയാണ് മതിപ്പു ചെലവായി കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ മതിപ്പു ചെലവ് 105.6 കോടി രൂപയും കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടേത് 254.32 കോടി രൂപയുമാണ്. കെ.എസ്.ടി.പി. രണ്ട് പദ്ധതിക്ക് 2403 കോടി രൂപയാണ് മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നത്

(ഇ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ റീഹാബിലിറ്റേഷൻ പാക്കേജ് പി.പി.പി./ആന്യൂറ്റി രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ബി.ഒ.റ്റി. ആനിറ്റി വ്യവസ്ഥയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ട് ഉപയോഗിച്ചാണ് നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. 2403 കോടി രൂപയുടെ കെ.എസ്.ടി.പി. രണ്ടാം പദ്ധതിക്ക് ലോക ബാങ്ക് ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

265 (7236) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതിക്ക് (എസ്.ആർ.ഐ.പി.) ഭരണാനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എസ്.ആർ.ഐ.പി.-ൽ ഏതെല്ലാം പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 91/12/പൊ.മ.വ. പ്രകാരം 8 രണ്ടാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മീ. റോഡുകളും, അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 644 കി.മീ. റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) തടസ്സങ്ങളൊന്നും നിലവിലില്ല. റീഹാബിലിറ്റേഷൻ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്.

ആർ.ഐ.സി. കേരള ലിമിറ്റഡിന്റെ പ്രവർത്തനം

266 (7237) ശ്രീ. എ. എ. അസീസ് :
ശ്രീ. കൊവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ ഘടന വ്യക്തമാക്കുമോ ;

(സി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly